]

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1312

08.2.2013- ൽ
മറുപടിക്ക്

# <u>കയർ മേഖലയിൽ നടപ്പിലാക്കുന്ന കർമ്മ പരിപാടികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ്<br>ശ്രീ റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) കയർ മേഖലയുടെ സമഗ്ര വികസനത്തിന് നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന കർമ്മ പരിപാടികൾ ചുവടെ കൊടുക്കുന്നു.<br><br>❖ കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര വിഹിതം ഉൾപ്പെടെ 104.70 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി - യേതര ഇനത്തിൽ കയർ തൊഴിലാളി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 32 കോടിയും വകയിരുത്തി.<br><br>❖ കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം 210 രൂപയും ഉത്പ്പന്ന മേഖലയിൽ 285 രൂപയും ഉറപ്പുവരുത്തി. കയർ പിരി മേഖലയിൽ തൊഴിലാളികളുടെ കൂലിയിൽ പകുതിയിലേറെ തുക സർക്കാർ സഹായമായി ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം നൽകി വരുന്നു.<br><br>❖ വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃക കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | ❖ പ്രതിദിനം 8 മണിക്കൂർ കൊണ്ട് ഏകദേശം 60 കി.ഗ്രാം കയർ ഉല്പാദിപ്പിക്കാൻ കഴിയുന്നതും വിവിധയിനത്തിലുള്ള കയർ പിരിക്കാൻ കഴിയുന്നതുമായ ആധുനിക ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എൻ സി ആർ എം ഐ വികസിപ്പിച്ചു വരുന്നു.<br><br>❖ നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു കൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചു.<br><br>❖ ചകിരി മില്ലുകളിൽ ലഭ്യമാകുന്ന കയർ പിത്ത് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിന് വേണ്ടി കയർ പിത്ത് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റും കയർ പിത്ത് ബ്ലോക്കും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>❖ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br><br>❖ ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.<br><br>❖ കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറി ആലപ്പുഴയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. |

| | |
|---|---|
| ബി) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണി ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പരിപാടികളാണ് നിലവിലുള്ളത്; | ബി)<br>❖ കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര/വിദേശ വിപണി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസ ർക്കാരിന്റെയും കൂടി സഹായ ത്താൽ 'കയർ കേരള ' എക്സിബിഷൻ സ ംഘടിപ്പിച്ചു വരുന്നു.<br>❖ വിവിധ സഹകരണ സ്ഥാപനങ്ങളിൽ കൂടിയുള്ള വിപണനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>❖ കൂടുതൽ ഷോറൂമുകൾ, ഏജ ൻസികൾ എന്നിവ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>❖ കയർ ജിയോ-ടെക്സ്റ്റൈൽസിന്റെ ഉപയോഗം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ ആർജ്ജിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; | (സി) ഇന്ത്യയിൽ നിന്നുള്ള കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതി 2009-10-ൽ 80405.22 ലക്ഷം രൂ പയായിരുന്നത് 2010-11-ൽ 80707.08 ലക്ഷം രൂ പയായും, 2011-12-ൽ 105262.54 ലക്ഷം രൂ പയായും വർദ്ധിച്ചു. ഈ കാലയളവുകളിൽ സർക്കാർ നിയന്ത്രിത സ്ഥാപ നങ്ങളായ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ് (ഇന്ത്യ) ലിമിറ്റഡ് എന്നീ സ്ഥാപ നങ്ങളിൽ നിന്നുള്ള കയറ്റുമതിയിലും ആനു പാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. |
| ഡി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ഡി) കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം 210 രൂപയും ഉല്പന്ന മേഖലയിൽ 285 രൂപയും ഉറപ്പുവരുത്തി. കയർ പിരി മേഖലയിൽ തൊഴിലാളികളുടെ കൂലിയിൽ പകുതിയിലേറെ തുക സർക്കാർ സഹായമായി ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം നൽകി വരുന്നു. |
| ഇ) നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വൈവിധ്യങ്ങളായ കയറുല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | ഇ) നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ